# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 840 — 28.9.2011- ൽ മറുപടിക്ക്

## ജസ്റ്റിസ് രാമചന്ദ്രൻ സമിതിയുടെ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) പാസഞ്ചർ മോട്ടോർ വ്യവസായവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കാനായി സർക്കാർ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ സമിതിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | എ) ജസ്റ്റിസ് രാമചന്ദ്രൻകമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടുകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) വിദ്യാർത്ഥികളുടെ കൺസഷൻ നിരക്ക്, പ്രായപരിധി എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ; | (ബി) വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റുകളുടെ മിനിമം ചാർജ്ജിൽ മാറ്റം വരുത്തിയിട്ടില്ല. ആദ്യ സ്റ്റേജിലെ (2.5 കി.മീ.) നിരക്ക് 50 പൈസയായിട്ട് തുടരുന്നതാണ്. ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസുകളിൽ പുതിയതായി വിദ്യാർത്ഥികൾക്ക് ആദ്യത്തെ സ്റ്റേജിന് (2.5 കി.മീ.) 50 പൈസയും തുടർന്ന് വരുന്ന രണ്ട് സ്റ്റേജുകൾക്ക് (5 കി.മീ.)50 പൈസ വീതം മിനിമം ചാർജ്ജിനോട് ചേർത്ത് ഈടാക്കുന്നതാണ്. അതായത് 2.5 കി.മീ. സഞ്ചരിക്കുന്നതിന് 50 പൈസയും 7.5 കി.മീ വരെ (3 ഫെയർ സ്റ്റേജുകൾ) സഞ്ചരിക്കുന്നതിന് 1 രൂപയും നൽകേണ്ടതാണ്. അതായത് മിനിമം ദൂരത്തിൽ (2.5 കി.മീ.) കൂടുതൽ സഞ്ചരിക്കുന്ന ഓരോ 5 കി.മീറ്ററിനും 50 പൈസ വീതം അധികം നൽകേണ്ടതാണ്. ഇത് പരമാവധി 40 കി.മീ. വരെ ലഭിക്കും. പ്രായപരിധിയിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |

| | |
|---|---|
| (സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണോ നിരക്കുവർദ്ധന നടപ്പാക്കിയത്; വിശദാംശം ലഭ്യ മാക്കുമോ ? | (സി) ഫെയർ റിവിഷൻ കമ്മിറ്റി നൽകിയ ഇടക്കാല റിപ്പോർട്ടുകൾ പരിഗണിച്ചുകൂടിയാണ് സർക്കാർ 14.1.2011 ലെ ജി.ഒ.(പി) 2/2011/ഗതാഗതം,6.8.2011 ലെ സ.ഉ.(പി) നം.45/2011/ഗതാ., 12.8.2011 ലെ സ.ഉ.(പി) 49/2011/ഗതാ. എന്നീ വിജ്ഞാപനങ്ങൾ പ്രകാരം ചാർജ്ജ് വർദ്ധന നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.